₹ 5

Hydel Bullet

A Monthly Publication of the Kerala State Electricity Board Engineers Association

# Time for the inevitable take off......

Hundred days are over since the installation of new Government and whatever programme has been set as 100 day programme in KSEB is nothing but a bracketed schedule of activities that has already been going on here. Past 100 days has really been an idling period for the Board Management and the Captain was seen to be adopting more or less a laissez-faire role. Now the Government showed wisdom by appointing one of the most competent Engineers in KSEB as Member (Transmission & Generation Operation) who has demonstrated proficiency in all the major functional areas of power sector including corporate planning. This is followed by the appointment of a Full Time Chairman, who also had demonstrated his administrative and leadership ability as Chairman of KSEB itself for a record period of more than six years. The Member (Finance), backed with his corporate experience, already created a first impression as a financial expert with positive outlook. The Member (D) can now focus in his domain as he is relieved from his inexperienced domain of Trans mission. The presence of a new member in the team exclusively for Generation projects can definitely give the much needed impetus to the execution of Hydro projects in a cost effective manner. Another added advantage is that the outgoing Chairman is not going out really but forms part of Board management in his capacity as Finance Secretary to Government. In short, today we have a best combination of Board management that has no reason not to perform. We congratulate the Government for the reconstitution of a competent Board with new Inductions for which our sincere thanks goes to the Hon. Minister for Power, Sri Aryadan Muhammed.

For setting up the ground for takeoff, few major issues are to be sorted out and settled. First priority should be accorded to the implementation of Pay-revision of Officers that had already been agreed by the Board management. The issue being messed up with the Finance section of the Government and we are convinced that Hon. Minister is bestowing personal interest to get clearance from Ministry. Fortunately, the new Finance Secretary is the same person who himself finalized the proposal in

⇨

KSEB Engineers Association
**Office Bearers - 2011 - 12**

ASSOCIATION

President
Er. E. MOHAMMED SHEREEF

Vice-President (South)
Er. GEORGE MATHEW

Vice-President (North)
Er. K. NAGARAJA BHATT

General Secretary
Er. N.T. JOB

Treasurer
Er. K. MUKESH KUMAR

Organising Secretaries
Er. EDWIN CALLISTUS (S)
Er. T.B. JAGATHY (N)

Secretaries
Er. V. RANJIT KUMAR (HQ)
Er. K. R. RAJAN (S)
Er. A.C. ABDUL NAZAR (N)

BENEVOLENT FUND

Chairman
Er. GEORGE. V. JAMES

Vice Chairperson
Er. SUSAN JOSEPH

Secretary
Er. K.P. JEEJI FRANCIS

Treasurer
Er. G. SHAJ KUMAR

Joint Secretaries
Er. P. JAYAKRISHNAN
Er. SHEELA M. DANIEL

EDITORIAL BOARD

Chief Editor
Er. MURALI P.

Associate Editor
Er. K. SUNIL

Ex. Officio Members

Er. N.T JOB
Er. V. RANJIT KUMAR

negotiation with the Associations in his capacity as the Chairman of the Board. Incidentally, Member (T & Gen Op) Sri Muhammed Ali Rawther, in his farewell speech has promptly reminded the outgoing Chairman about this which was acknowledged by him positively also. We request the new Chairman Sri T.M. Manoharan to bestow his personal interest in this matter for implementing the pay revision of Officers in Board, thereby earning the unique record of the first one ( by all means the last also) who had ordered two pay revisions for officers in Board as the Chairman of the Board!

The second major issue is the aborted career prospects being faced by a section of Assistant Engineers (Electrical) who were inducted during the 97-98 period through PSC. After a long fourteen years of service at entry level, majority from this unfortunate lot remains as AE only even today. This pathetic situation arised for some reasons, the responsibility of which can only be attributed to organizational misbehavior by succumbing to political compulsions from time to time. Once upon a time when Graduate Engineers & Diploma holders were scarce, certain quota had been fixed and for a promotion from AE to AEE the minimum requirement was set as Degree with 3years of service or Diploma with 7 years of experience for promoting to their respective quota. As time passed-by and due to lack of retirement in Diploma cadre coupled with irregular recruitment pattern, the prospects of promotion to that cadre subdued and the Trade Union of that time through an Arbitration Award changed the rule as applying quota on arising vacancies instead of total cadre ⇨

strength which had short-term advantage. After some time, cycle reversed due to bulk retirement from Diploma cadre and then the rule of applying quota on total strength got revoked. Such type of arbitrary treatment of succumbing to trade union pressure was the real cause of the present situation and the victims , as usual, is the 40% PSC direct recruited AEs who do not have any kind of trade union backing by virtue of their direct induction in the so called Gazette officer rank. Now the situation is that Diploma holders with 7 years service are getting promoted over their senior Graduates having 12 to 14 years of service. This anomaly has been repeatedly brought to the attention of Board management many a time and at last when these old suffocated Graduates showed symptoms of reaching the flash point, the previous Board had to act and framed a seniority protection rule that had been already existing in other Government Departments to deal with similar situations. In order to give promotion to the seniors who were not protected for the procrastination in adopting this rule, the Board decided to create the required number of post of AEEs through up gradation and through some need based creations. Surprisingly and without showing any empathy, there is attempt from certain corners to torpedo the proposal and is now unethically influencing the Board to deny this long due rightful promotion to these eligible Engineers. It must be noted that during 2010 itself, just before the declaration of Election, 870 places of overseers, 152 places of Sr. Supdt. s and 151 places of AEs were created. Everyone knows the beneficiaries and the essentiality in creating these posts from organisation point of view. Yet no question was asked about the additional financial commitment. No question was asked about the need for creating the posts and there was no grave stagnation experienced in career prospects at feeder category level of those posts also. There is no other category in Board that doesn't get minimum one promotion within a period of 5 to 10 years at feeder level. Today the sanctioned strength of AE is 2263 numbers and that of AEE is 671. Around 60 numbers of AEE posts are still kept in abeyance due to the abolition of former Electrical Major section. For reasonable career prospect, the slope of the hierarchical pyramid should not be more than 1:3 in addition to maintaining regular recruitment process. The organisation should not allow anybody to derive sadistic pleasure by suffocating the eligible who are supposed to be the growth engines of the industry.

The new Chairman is well aware of these realities who himself had prevented a similar calamity to recur in the case of AEE to EE promotion in the past. The same force is behind the curtain now, script the dialogue against the proposed promotion and indulges in cash collection drive offering false promise of undue benefits to the ineligibles. This should not be allowed to happen if the organisation is to progress. We earnestly request the Chairman to give an appropriate reply to the Government query on the Board's proposal to upgrade 167 AE place to AEE and for the creation of 23 places of AEEs as safety officers. Such a drastic action is necessary to retrieve the lost morale and to ensure justice to the Graduate AEs who are the growth drivers of the Organisation .

# കപട സമത്വവാദം

**കെ.**എസ്.ഇ.ബിയിലെ 2008 ന്റെ ശമ്പള പരിഷ്കരണ പ്രക്രിയ ഇപ്പോഴും പൂർണ്ണമാവാതെ നിൽക്കുകയാണല്ലോ? ഓഫീസർ എന്ന വിളിപ്പേര് കിട്ടിയ വിഭാഗത്തിനും ഓഫീസറുടെ ഗ്രേഡിൽ എത്തിപ്പോയ ജീവനക്കർക്കുമാണ് പ്രഖ്യാപിക്കപ്പെട്ട പരിഷ്കരണം അന്യം നിൽക്കുന്നത്. ഇതിനിടയിലാണ് 'കാറ്റഗറി വാദികൾ' എന്ന് മുദ്രണം ചെയ്യപ്പെട്ട കെ.എസ്.ഇ.ബി എഞ്ചിനീയർമാർക്ക് കേരള സർക്കാർ പ്രഖ്യാപിച്ച മാതൃകയിലുള്ള, ശമ്പള സ്കെയിലെങ്കിലും അനുവദിക്കണം എന്ന് ആവശ്യപ്പെട്ടിട്ടുള്ളത്.

ഇത്തരത്തിൽ എഞ്ചിനീയർമാർ ആവശ്യപ്പെട്ടതിൽ എന്താണ് കുഴപ്പം? തങ്ങളെപ്പോലെ സാങ്കേതിക യോഗ്യതയും പി.എസ്.സി. വഴി സർവ്വീസിൽ പ്രവേശിച്ച സമന്മാർക്ക് കിട്ടുന്ന ആനുകൂല്യങ്ങളെങ്കിലും തങ്ങൾക്കും കിട്ടണം എന്നേ ഞങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളൂ. അപ്പോൾ സർക്കാരിന്റെ ശമ്പളപരിഷ്ക്കരണ മാതൃക കാറ്റഗറികൾക്കതീതമായി ബോർഡിലും നടപ്പാക്കേണ്ടതല്ലേഎന്ന ന്യായമായ സംശയം പലരും പ്രകടിപ്പിച്ചു. അന്നു തുടങ്ങി പുകില്!

ഇപ്പോൾ 'മിനിസ്റ്റീരിയൽ ഓഫീസർ' കാറ്റഗറിവാദം മറ നീക്കി പുറത്തു വന്നിരിക്കുന്നു. സമത്വ ഭാവത്തേയും തുല്യതയേയും പറ്റി ഘോര ഘോരം പ്രഭാഷണം നടത്തുന്നവർ തങ്ങൾ ഉൾപ്പെടുന്ന സംഘടനകളിൽ എഞ്ചിനീയർമാരും ഉണ്ടെന്നു പോലും കൂട്ടാക്കാതെ എഞ്ചിനീയർമാരെ ഒന്നടങ്കം പിടിപ്പുകെട്ടവരായി ചിത്രീകരിക്കുന്നു

ബോർഡിലെ 'മിനിസ്റ്റീരിയൽ ഓഫീസർ' കാറ്റഗറി വാദികളുടെ വാദങ്ങൾ നമുക്ക് കേരള സർക്കാർ ഡിപ്പാർട്ടുമെന്റുകളിൽ സർവ്വീസിലുള്ളവർക്ക് അനുവദിക്കപ്പെട്ട ശമ്പള പരിഷ്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്താം. ഒരു തസ്തികയിൽ നിയമിക്കപ്പെടുമ്പോൾ ജോലി ചെയ്യുന്നതിനാവശ്യമായ വിദ്യാഭ്യാസ യോഗ്യത, ടി തസ്തികയിൽ ജോലി ചെയ്യുമ്പോൾ വിപക്ഷിക്കപ്പെട്ടിട്ടുള്ള മിനിമം ഉത്തരവാദിത്വങ്ങൾ, എന്തിനൊക്കെ സമാധാനം ബോധിപ്പിക്കേണം (Accountability) എന്നതെല്ലാം കണക്കിലെടുത്താണ് അടിസ്ഥാന ശമ്പളവും(Basic pay), ശമ്പള സ്കെയിലും നിശ്ചയിക്കുക. മറ്റ് അധിക ഉത്തരവാദിത്വങ്ങൾ, അധികസമയ/അസമയ നിർബന്ധിത ഉത്തരവാദിത്വങ്ങൾ നിർവഹിക്കേണ്ടി വരാനുള്ള സാദ്ധ്യതകൾ, ജോലി സങ്കീർണ്ണതകൾ, ഭരണസിരാകേന്ദ്രങ്ങൾ വിട്ട് ഒറ്റപ്പെട്ടപ്രദേശങ്ങളിലെ ജോലി നിർവ്വഹണം തുടങ്ങി അനവധി നിരവധി കാര്യങ്ങൾ വിലയിരുത്തിയാണ് അലവൻസുകൾ നിർണ്ണയിക്കുക.

കേരളസർക്കാർ മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ ഉൾക്കൊണ്ടാണ് ശമ്പളപരിഷ്ക്കരണം നടപ്പാക്കിയിട്ടുള്ളത് എന്നത് അവിടെയുള്ള ശമ്പളസ്കെയിൽ കണ്ടാൽ തന്നെ വ്യക്തമാണ്. തികച്ചും ശാസ്ത്രീയമായ സമീപനം! ശ്ലാഘനീയവും! കെ.എസ്.ഇ.ബി ശമ്പളപരിഷ്ക്കരണ അനിശ്ചിതാവസ്ഥ അവസാനിപ്പിക്കാൻ സർക്കാർ മാതൃക അനുവർത്തിക്കുന്നതല്ലേ അഭികാമ്യം.

അതല്ലാതെ നിയമിതരായിരിക്കുന്ന എഞ്ചിനീയർമാർക്ക് സാങ്കേതിക ജ്ഞാനം കുറവാണ്, സാങ്കേതിക ജോലികളല്ല ⇨

# *Congratulation*

## KSEB Engineers Association congratulates



**Er.M.Muhammed Ali Rawther**

on his appointment as Member,
Transmission & Generation (Operation)

ചെയ്യുന്നത്, ഉത്തരവാദിത്വം കുറവാണ്, Entry Cadre വ്യത്യാസങ്ങൾ, അതുകൊണ്ട് ശമ്പളസ്കെയിൽ തുല്യതയ്ക്ക് അവകാശമുണ്ട് എന്നും വാദിക്കുന്നതിനെ ആശയ പാപ്പരത്വം എന്നല്ലാതെ എന്തു വിശേഷണം നല്കും. സർക്കാരിലെ മിനിസ്റ്റീരിയലുകാരെക്കാൾ ബോർഡിലെ മിനിസ്റ്റീരിയലുകാർക്ക് ശമ്പളസ്കെയിലിൽ ഭീമമായ വർദ്ധനവ് എന്തു കാരണത്താൽ ബോർഡിലെ ശമ്പള പരിഷ്ക്കരണ കമ്മിറ്റി ശുപാർശ ചെയ്തു എന്ന് ഇപ്പോഴത്തെ സർക്കാരിന്റെ സാമ്പത്തിക വിഭാഗം (Finance Department) ആരാഞ്ഞിട്ടുണ്ട്. ഇതിന് വിശദീകരണം കൊടുക്കേണ്ടവർ അനർഹരായ ഗുണഭോക്താക്കൾ തന്നെയാകുമ്പോൾ അനിശ്ചിതത്വത്തിന്റെ പൊരുൾ ഊഹിക്കാവുന്നതേയുള്ളൂ. ഇതിന് എഞ്ചിനീയർമാരെ പഴി പറഞ്ഞിട്ടെന്താണ് കാര്യം

ജനറേറ്റിംഗ് സ്റ്റേഷനുകളിൽ, നിർണ്ണായകമായ ട്രാൻസ്മിഷൻ സ്റ്റേഷനുകളിൽ, ഇവയുടെ നിർമ്മാണത്തിൽ, അനുബന്ധ ഇതര വിഭാഗങ്ങളിൽ, ഡിസ്ട്രിബ്യൂഷൻ ഫീൽഡുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്ന തസ്തികകളിൽ എപ്പോഴും പ്രവർത്തന സജ്ജരായി നിൽക്കുന്ന കാറ്റഗറി വാദികളും അല്ലാത്തവരുമായ എഞ്ചിനീയർ സഹോദരരെ, ഇത്രയും തരംതാഴ്ത്തൽ നാം സഹിക്കണോ?

അനർഹമായ ശമ്പളവർദ്ധനവ് ഒരു കൂട്ടർക്കു നല്കി യഥാർത്ഥത്തിൽ അർഹതയുള്ളവർക്ക് Compensatory allowances-ൽ പോലും നാമ മാത്ര വർദ്ധനവ് കൊടുത്ത് അസന്തുലിതാവസ്ഥ സൃഷ്ടിക്കുവാൻ അമരത്തിരിക്കുന്ന ദീർഘ വീക്ഷണമുള്ള വരാരും ഒരുമ്പെടില്ല.

*KSEBEA Thrissur Unit*

# മൂലമറ്റം അപകടത്തിന് ശേഷം !

*സെക്രട്ടറി, ഇടുക്കി യൂണിറ്റ്*

20.6.2011 മൂലമറ്റം ജനറേറ്റിംഗ് സ്റ്റേഷനെ സംബന്ധിച്ച് അതിന്റെ മുപ്പത്തിയഞ്ചു വർഷത്തെ ചരിത്രത്തിൽ ഏറ്റവും കടുത്ത ദിനമായിരുന്നു. ഭൂഗർഭ വൈദ്യുതി നിലയത്തിന്റെ പ്രവർത്തനാരംഭത്തിന് ശേഷം നടന്ന ഏറ്റവും വലിയ അപകടത്തെ നേരിട്ട ദിവസമാണ്. നമ്മളുടെ ഏറ്റവും രണ്ട് പ്രിയപ്പെട്ട സഹപ്രവർത്തകരെ നമ്മളിൽ നിന്നും എന്നന്നേക്കുമായി അകറ്റുകയും ചെയ്തു. ഈ അവസരത്തിൽ ഇവിടെ വളരെ നാൾ ജോലി ചെയ്തതിനുശേഷം സ്ഥലം മാറിപ്പോയ ഒരു സഹപ്രവർത്തകൻ പറഞ്ഞതിങ്ങനെ 'നമ്മുടെ അഭിമാന സ്തംഭമാണല്ലോ തകർന്നത്. ഇത് ഇവിടെ ജോലി ചെയ്യുന്ന ഓരോ ജീവനക്കാരന്റേയും വികാരമായി കരുതുന്നു. ഇങ്ങനെ ഈ സ്ഥാപനം നെഞ്ചിലേറ്റിയ ഇവിടെ പ്രവർത്തിക്കുന്നവരും ഇവിടെ പ്രവർത്തിച്ച് പോയവരും ആയിട്ടുള്ള ഒരുപാടു ജീവനക്കാരുടെ ആത്മാർപ്പണമായിരുന്നു ഈ നിലയം ഇത്രയും നാൾ യാതൊരപകടവും കൂടാതെ സംരക്ഷിച്ചു പോന്നത്.

ഈ അവസ്ഥക്ക് ഇന്ന് മാറ്റം വന്നോ, വന്നിട്ടുണ്ടെങ്കിൽ അതെങ്ങിനെയാണ്, എന്ന് നാം ചിന്തിക്കണം. സംഘടനാ ബലം വർദ്ധിപ്പിക്കുവാൻ വേണ്ടി, നിയമനം ലഭിക്കുമ്പോൾ നേതാക്കളുടെ കാലിൽ വീഴുന്ന ഉദ്യോഗാർത്ഥികളെ, തിരുവനന്തപുരത്ത് നിന്നും മടക്കടിക്കറ്റും കൊടുത്ത് വണ്ടി കയറ്റി വിടുന്ന സ്ഥാപനത്തോട് കൂറില്ലാത്ത, പ്രസ്ഥാനത്തോടു മാത്രം കൂറുള്ള സംഘടനാ നേതാക്കളാണോ അതോ അസത്യപ്രചരണം നടത്തുന്ന ചില മാധ്യമങ്ങൾ ആണോ?

ഇപ്പോൾ മൂലമറ്റത്തെപ്പറ്റി മുതലക്കണ്ണീരൊഴുക്കുന്ന ഈ വിദ്വാൻമാർ ഏതാനും വർഷം മുമ്പ് ഇവിടെ ഒരു എൻജീനിയർക്ക് ഇഷ്ടപ്പെട്ട കസേര കൊടുത്തില്ലെന്നും പറഞ്ഞ് ഇവിടെ 25 വർഷം സുത്യർഹമായ സേവനം ചെയ്ത ഒരു എക്സിക്യൂട്ടീവ് എൻജിനീയറെ ഭരണത്തിന്റെ ബലത്തിൽ പറപ്പിച്ചപ്പോൾ ഈ സ്നേഹമൊന്നും കണ്ടില്ലല്ലോ.

ഈ നേതാക്കൾക്ക് സ്ഥാപനത്തിനോട് കൂറുണ്ടായിരുന്നെങ്കിൽ തിരുവനന്തപുരത്തു നിന്നും 250 കിലോമീറ്റർ താണ്ടി പെറ്റാർക്കിൽ പുതിയ എൻജിനീയർമാർക്ക് സ്ഥാപനത്തെ (അവരുടെ പ്രസ്ഥാനത്തെ) കുറിച്ച് ക്ലാസുകൾ എടുക്കുവാൻ വന്ന നേതാക്കൾക്കോ, പുതിയ AE -മാർ മൂലമറ്റത്ത് കാലു കുത്തുമ്പോൾ മുതൽ രാവിലെയും വൈകിട്ടും അവരുടെ ക്ഷേമ പ്രവർത്തനങ്ങൾ അന്വേഷിക്കുവാനും അവ ഒരുക്കി കൊടുക്കുവാനും നിയോഗിക്കപ്പെട്ട വനിതാ എൻജിനീയർമാർക്കോ എപ്പോഴെങ്കിലും പറഞ്ഞു കൊടുക്കാമായിരുന്നില്ലേ നിങ്ങൾ കുറച്ചു നാളെങ്കിലും ഇവിടെ ജോലി ചെയ്യണമെന്ന്.

പരിചയക്കുറവുണ്ടെന്ന് ചില സംഘടനകൾ ആരോപിച്ച ചീഫ് എഞ്ചിനീയർ ചുരുങ്ങിയ കാലംകൊണ്ട് മൂലമറ്റം പവ്വർഹൗസിൽ, സുരക്ഷയെ മുൻ നിർത്തി ചെയ്ത പരിഷ്ക്കരണങ്ങൾ ഇവരുടെ കണ്ണു തുറപ്പിക്കുമോ? തന്റെ മൂന്ന് മാസത്തെ പ്രവർത്തന കാലയളവിൽ പുതിയ ജനറേഷൻ ചീഫ് എഞ്ചിനീയർ പവ്വർ ഹൗസിലെ വിവിധ മേഖലകളെക്കുറിച്ച് പഠിക്കുകയും, ജീവനക്കാർക്ക് കോട്ടയം, തൊടുപുഴ ഫയർ സ്റ്റേഷനുകളിലെ ഓഫീസർമാരുടെയും ജീവനക്കാരുടെയും നേതൃത്വത്തിൽ സുരക്ഷയെ കുറിച്ചും മുൻ കരുതലുകളെകുറിച്ചും വേണ്ട അവബോധം ഉണ്ടാക്കുകയും പവ്വർഹൗസിലെ കട്രോൾ റൂമിൽ നിന്നും ഒരു എമർജൻസി

⇨

എക്സിറ്റ് അടിയന്തിരമായി നിർമ്മിക്കുവാനുള്ള നടപടിയും എടുത്തു.

കഴിഞ്ഞ 25 വർഷമായി ജീവനക്കാരും, സംഘടനകളും നിരന്തരമായി ആവശ്യപ്പെട്ട മൂലമറ്റം ഭൂഗർഭ വൈദ്യുത നിലയത്തിലെ ഷിഫ്റ്റ് സമയം '8' മണിക്കൂറിൽ നിന്നും '6' മണിക്കൂറായി മാറ്റണമെന്ന ആവശ്യം ബോർഡിനെ കൊണ്ട് ചീഫ് എഞ്ചിനീയർ നടപ്പിലാക്കിക്കുകയും ചെയ്തു. ഈ ഒരു കാര്യത്തിൽ തന്നെ അദ്ദേഹത്തിന്റെ പ്രവർത്തനം അഭിനന്ദനീയമാണെന്ന് പറയാതിരിക്കാൻ വയ്യ. കൂടാതെ മൂലമറ്റം പവ്വർഹൗസിൽ 24 മണിക്കൂറും പ്രവർത്തന സജ്ജമായ ഒരു ആംബുലൻസും അദ്ദേഹം അനുവദിച്ചു തരുകയും ചെയ്തു.

വനിതാ എൻജിനീയർമാരെ ജനറേറ്റിംഗ് സ്റ്റേഷനിൽ നിന്നും മാറ്റുവാനുള്ള ചീഫ് എൻജിനീയറുടെ തീരുമാനം അട്ടിമറിച്ചത് വനിതാ എൻജിനീയർമാരോടുള്ള സ്നേഹം കൊണ്ടല്ലാ തങ്ങളുടെ സംഘടനയോടുള്ള നേതാക്കളുടെ സ്നേഹം കൊണ്ടാണെന്ന് ഇപ്പോൾ എല്ലാ വനിതാ എൻജിനീയർമാർക്കും മനസിലായിട്ടുണ്ട്.

കൊടിയുടെയും ഭരണത്തിന്റെയും നിറം നോക്കാതെ എൻജിനീയേർസ് അസ്സോസി യേഷൻ പറഞ്ഞ കാര്യങ്ങൾ എന്താണെന്ന് ചില സംഘടന കൾക്ക് അവരുടെ പരിചയകുറവ്് മൂലം മനസ്സിലായില്ലെങ്കിലും ബഹുമാനപ്പെട്ട സംസ്ഥാന സർക്കാരിന് മനസ്സിലായതു കൊണ്ടാണ് പീടിയാട്രീഷന് പകരം കാർഡിയോളജിസ്റ്റിനേയും, പാർട്ട്ടൈം ചെയർമാന് പകരം ഫുൾടൈം ചെയർമാനേയും നിയമിച്ചത്. ഇതിനെ കുറിച്ച് ഇവർ ഇനിയെന്ത് പറയുമോ ആവോ.

തങ്ങൾക്ക് ചെയ്യുവാൻ പറ്റുന്ന പാരകളെല്ലാം തന്നെ ചെയ്തെങ്കിലും ഒന്നും നടന്നു കാണാത്തതിന്റെ നിരാശയിലാണ് പാവം സംഘടനാ നേതാക്കൾ

# 'വേനൽ മഴ'

*Er.P.Ramachandran, Knnur unit*

'**മീ**നമാസത്തിലെ സൂര്യൻ'
ഉജ്ജ്വലിക്കും നിൻ പ്രഭാവത്തിൽ
വാടിക്കരിയും സസ്യജാലങ്ങൾ
സൂര്യാഘാതത്താൽ വെന്തുരുകും
ജന്തുജാലങ്ങൾ.
ഒരുവേനൽ മഴക്കായി
വേഴാമ്പൽ പോൽ
ദാഹിക്കും മാലോകർ,
കൊടും താപവും
അവശ്യമായ ചിലവേളകൾ!
ജീവനത്തിന്ന് അതും
അവശ്യംതന്നെ!
സായന്തനങ്ങളിൽ നിന്നെ പുണരാ-
നെത്രയും വെമ്പുന്നു മാനവർ!
മഴയിൽ വിറങ്ങലിക്കുമ്പോൾ
വേനലേ നീയെത്ര സുന്ദരം!
വേനൽചൂടിലുരുകുമ്പോൾ
വർഷ മേഘമേ
നീ പെയ്തിറങ്ങാൻ
ഞാൻ ദാഹിക്കുന്നു.
വർഷം ആർത്തട്ടഹസിക്കുമ്പോൾ
എൻ വേനലേ,
നിന്നെ പുൽകാൻ
എൻമനം കൊതിക്കുന്നു.

# UNIT REPORT ON ENGINEERS' DAY CELEBRATION

**Kasargod**

Celebrated Engineers day with Technical class on 'Control and Protection of Sub station and Equipments by Er.V.Jayadevan nair and honored senior Engineers Er.M.V.Gopalakrishnan CE (Retd), and Er.M.Balakrishnan, AEE(Retd).

**Kannur**

The Engineers' day is befittingly celebrated at Hotel Residency, Thavakkara, Kannur. The inaugural session was chaired by Er.N.T.Job, General Secretary of the Association. The chief Guest for the session was Dr.M.K.Radhakrishnan, Principal, Sree Narayana College of Engineering & Technology, Payyannur. Sir Visveswarayya commemoration speech and Engineers' day message were delivered by Er.P.M. Mohanadas, Technical Member (retd), KWA. The inaugural session was followed by a technical quiz Competition arranged for the final year students of Engineering Colleges in Kannur & Kasargod District. Five colleges participated in the quiz. The team from S.N.G.College of Engineering & Technology, Payyanur emerged as the winner in the competition. The 2nd and 3rd prizes were won by LBS College of Engineering, Kasargod and Vimal Jyothi Engineering College respectively.

**Kozhikode**

Celebrated Engineers day. M K Raghavan hon'ble Member of Parliament has inaugurated the 'Save Electricity, Save Environment and Management of Cost of Energy ( 2S2E-MCE) launched by the KSEB Engineers Association at the AWH Engineering College, Kozhikode on the occasion of Engineers' day. A special Engineers Day talk was delivered by Ms.T.V.Anupama IAS, Assistant Collector who herself is an engineering graduate. Er.E.Mohammed Shereef, President, Er.N.T.Job, General Secretary and Er.G.S.Ajikumar, Director CEEBA were attended in the function.

**Malappuram**

Observed Engineers' day.

**Palakkad**

Observed Engineers day.

**Thrissur.**

Conducted State Level Engineers' Day Celebration by donating an amount of Rs. One lakh to charitable institutions "Santhwanam" at Thrissur for heart operations of children by Sri.C.N.Balakr sihnan, Hon'ble Minister for Co-Operatives, Kerala State. General Secretary and President of the Association attended the function.

**Ernakulam**

Observed Engineers Day. Er.K.S.Damodharan Nampoothiri, Chief Engineer (retd) inaugurated the function. Er.G.Sudha Devi Chief Engineer (retd) delivered a speech. Honored 3 senior engineers above 65 years.

**Muvattupuzha**

Celebrated Engineers Day together with unit meeting by wearing badges. A talk on 'Engineering Preparedness for Disaster Mitigation' was taken by Er.G.Balachandran CE (Retd)

**Chithirapuram.**

Observed Engineers Day.

**Idukki**

Observed Engineers day

**Kottayam**

Observed Engineers day. Er.Dr.Thomaskutty Mathew and Er.John.P.John were delivered speech about the subject "Engineering preparedness for Disaster Mitigation". Er.George Mathew, Vice president (S) attended in the meeting.

**Alappuzha**

Celebrated Engineers' day at Pulinkunnu Engg.college on 15 Sep 2011. The programme started at 10.30 am, presided by Er. James .M. David, unit chairman. The function inaugurated by Dr. Joseph Kutty, Principal, Pulinkunnu Engg. college. The key note address on the subject "Engineering preparedness for disaster Mitigation" done by Er. George Mathew, StateVice President.

**Kollam**

Engineers Day celebrated at Engineers House, Kollam on 15-9-2011 together with unit meeting. Er.L.Anidharan CE (Retd) and Er.Somasundaran Pillai CE (Retd) spoke on the occasion. Er.K.Radhakrishna, Member (Retd) delivered a speech on the subject "Engineering Preparedness for Disaster Mitigation"

**Moozhiyar**

Conducted Engineers day Celebration on 15-9-2011. Dy. Chief Engineer, Generation Circle, Moozhiyar inaugurated the function. Four members delivered lecture on the topic.

**Pathanamthitta**

Engineers day celebrated at College of Engineering Kallooppara. Dr.Jacob Thomas, Principal, College of Engineering, Kalloopara inaugurated the Engineers Day Celebration 15-9-2011.Er.George Mathew, Vice-President (S) of the association delivered a talk on the theme of 44th Engineers' day. Er.Ninan C.Mathews AEE also participated in the talk.

**Trivandrum**

Engineers Day celebrated at Engineers House, Thiruvananthapuram. The programme started at 5.30pm, presided by Er. A Rajendran, unit chairman. Dr. P.S.Chandramohan Professor & Chairman of EEE Dept., Amritapuri campus of Amrita University former Director of ANERT (Agency for Non-conventional Energy and Rural Technology), Govt. of Kerala and former Principal of Govt. Engineering College, Barton Hill, Trivandrum delivered a speech on the subject "Sustainable Energy Scenario for Kerala". Er.J.Sudhakaran Nair Dy.CE (Retd) also spoke in the meeting.

# വധശിക്ഷയുടെ രാഷ്ട്രീയം

Er.V.Rajan,Retd. Dy.CE

സമൂഹം ഉണ്ടായ കാലം മുതൽ കുറ്റ കൃത്യങ്ങളും നടക്കാറുണ്ട്. സമൂഹം പുരോഗതി ക്കുതിനുസരിച്ച് ന്യായമായ ശിക്ഷാ വിധികളും നിശ്ചയിക്കാറുണ്ടായിരുന്നു. രാജ ഭരണ കാലഘട്ടങ്ങളിൽ രാജാവ് നേരിട്ടോ മറ്റ് അധികാര സ്ഥാനങ്ങളിൽ കൂടിയൊ ശിക്ഷാ വിധികൾ വിധിക്കാറുണ്ടായിരുന്നു. ചെയ്ത കുറ്റത്തിന്റെ കാഠിന്യമനുസരിച്ച് അംഗഭംഗം വരുത്തുക, നെറ്റിയിൽ കാക്കകാലു പതിപ്പിക്കുക, സാമൂഹികമായി ബഹിഷ്കരി ക്കുക പുലിക്കൂട്ടിൽ എറിയുക, ജീവനെടുക്കുക അങ്ങനെ പലശിക്ഷകളും നടപ്പിലാക്കിയിരുന്നു.

ആധുനിക സൗമ്യ ജനാധിപത്യ കാലഘട്ട ത്തിലും കുറ്റ കൃത്യങ്ങൾക്ക് ഒരു കുറവുമില്ല. എല്ലാ കാര്യത്തിലും പുരോഗമനം അവകാശ പ്പെടുന്ന സമൂഹം ഈ അധാർമ്മികതയുടെ മേൽ ഒരു നിയന്ത്രണവും നേടിയിട്ടില്ല. അതു കൊണ്ടു തന്നെ ശിക്ഷാ രീതികളിലും ഒരു മാറ്റവും നടത്തേണ്ട കാര്യവുമില്ല. പക്ഷേ നമ്മുടെ കപട മനുഷ്യാവകാശ പ്രവർത്ത കരുടെ ജല്പനങ്ങൾ കേട്ട് ചില മാധ്യമങ്ങൾ മരണശിക്ഷ ഒഴിവാക്കണമെന്നൊരു പ്രചരണ വുമായി രംഗത്ത് വന്നിട്ടുണ്ട്. പൊതുവെ ഇന്ത്യൻ സമൂഹം അവകാശങ്ങളെ തെറ്റായി ട്ടാണ് മനസിലാക്കീയിരിക്കുന്നത്. ഉത്തര വാദിത്വത്തിലധിഷ്ഠിതമായ അവകാശങ്ങൾ ക്കെ നിലനില്പുള്ളു. അവകാശങ്ങൾ മാത്രം പറഞ്ഞ് ഒരു സമൂഹത്തിന് നില നില്ക്കാൻ സാധിക്കില്ല. (അതിന്റെ നല്ല ഉദാഹരണമാണ് കേരള സമൂഹം; ഇവിടെ ആർക്കും നാട്ടിനോട് ഒരു കടമയുമില്ല, അതേ സമയം എല്ലാ അവകാശങ്ങളുമുണ്ട്. അതു കൊണ്ടാണ് നോക്കുകൂലി, പൊതുമുതൽ നശിപ്പിക്കുന്നതു പോലുള്ള ഗുണ്ടായിസം ഇന്നും നില നില്ക്കുന്നത്.) ഇത് നില നിർത്തുന്നതിന് ആളുകൾ അല്ലെങ്കിൽ ചില വിഭാഗങ്ങൾ മത-ജാതി-വംശീയ-രാഷ്ട്രീയങ്ങളെ കൂട്ടു പിടിക്കും. അപ്പോൾ ആരെങ്കിലും മനുഷ്യത്വ രഹിതമായ അല്ലെങ്കിൽ ധാർമികതക്ക് എതിരായ ഒരു പ്രവർത്തി ചെയ്താൽ നേരത്തെ പറഞ്ഞ ഏതെങ്കിലും ഒരു വിഭാഗം ഇവരുടെ സംരക്ഷണ ത്തിനുണ്ടാകും. അങ്ങനെ കുറ്റവാളിക്ക് ഒരു വീരപരിവേഷം ലഭിക്കും. കഥ അറിയാതെ ആട്ടം കാണുന്ന മനുഷ്യാവകാശ പ്രവർത്തകരുടെയും സംഘടനകളുടെയും സഹായവും ഇവർക്ക് ലഭിക്കും. അങ്ങനെ കുറ്റകൃത്യത്തിന് ഇര ആയവന് ഒരു അവകാശവുമില്ലാത്ത അതെ സമയം കുറ്റം ചെയ്തവന് എല്ലാ ആനുകൂല്യവും കിട്ടുന്ന ഒരു സാഹചര്യം ഉണ്ടാക്കി എടുക്കും. കുറ്റവാളികൾക്ക് വേണ്ടതും ഇതാണ്; എന്നാലല്ലെ സമൂഹത്തെ അവരുടെ വരുതിയിൽ നിറുത്താൻ സാധിക്കൂ.

ഈ യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ വേണം ഇപ്പോൾ മുൻ പ്രധാനമന്ത്രിയുടെ ഘാതകരേയും പാർലമെന്റ് ആക്രമിച്ച ഭീകരരേയും ബോംബെ കത്തിച്ച ഭീകരനേയും വധ ശിക്ഷയിൽ നിന്ന് രക്ഷിക്കാനുള്ള ശ്രമങ്ങളെ കാണാൻ. മത-ജാതി-വംശ വികാരം ഉയർത്തി ആദ്യം ശിക്ഷ നടപ്പിലാക്കുന്നത് നീട്ടിക്കൊണ്ടു പോകും; ഇന്നത്തെ മുന്നണി സംവിധാനത്തിൽ ഇത് വളരെ എളുപ്പമാണ്. മുണിയെ നയിക്കുന്ന പാർട്ടികൾ അധികാരത്തിൽ തുടരാനുള്ള തത്രപ്പാടിൽ ഈ നിർബന്ധങ്ങൾക്ക് വഴങ്ങും. അങ്ങനെ കുറെക്കാലം കഴിയുമ്പോൾ (ഇപ്പോഴത്തെ കേസിൽ പത്തു വർഷം) ശിക്ഷ നടപ്പിലാക്കാൻ താമസിച്ചു, ദയാഹർജിയിൽ പ്രസിഡന്റ് തീർപ്പ് കല്പിക്കാൻ താമസിച്ചു, അത് കൊണ്ടിനി വധ ശിക്ഷ നടപ്പിലാക്കരുതെന്നാണ് ന്യായം. ഇതിനെ സഹായിക്കാൻ നേരത്തെ പറഞ്ഞ കപട മനുഷ്യാവകാശക്കാരുമുണ്ടാകും. പത്തു വർഷമായി മാനസികപീഠനം അനുഭവിക്കുന്ന കുറ്റവാളി സമൂഹത്തിന്റെ ദയ അർഹിക്കുന്നു യെന്നാണ് വാദം. കൂടാതെ പൗരന്റെ ജീവിക്കാനുള്ള അവകാശത്തെയാണ് നിയമം മൂലം സ്റ്റേറ്റ് ഹനിക്കുന്നതെന്നാണ് മനുഷ്യാവകാശ വാദം. രാഷ്ട്രീയക്കാർ ഈ വിഷയത്തിൽ പൊതുവെ ഒളിച്ചു കളിയാണ് നടത്തുന്നത്. പത്രങ്ങൾക്ക് വായന ക്കാരുടെ എണ്ണം കൂട്ടുന്നതിലെ താല്പര്യമുള്ളൂ. ⇨

# FAREWELL



**Er. Shajahan.M,** retired on superannuation on 31-8-2011 as Executive Engineer, O/o the CE (PED), Vaidyuthi Bhavanam, Trivandrum. Joined in K.S.E.B as F.G.O in 1978 at Transmission Construction Division, Kulamavu & subsequently appointed as Asst. Engineer through P.S.C at Moolamattom Generating Station. Rendered services in Generation, Transmission, Sub Regional Store, and at Technical Cell in Board Secretariat etc. He was awarded Good Service Entry for the successful completion of the well-challenged 110 kV O.H Traction feeder at Kazhakkoottom, and was also instrumental in the preparation of Transmission Master Plan for Trivandrum City. He served association at various levels as CEC Member, Building Committee Convener etc. He contributed a major service in making the recently held AGB at Trivandrum a grand success.

The Association Wishes him an active and peaceful retirement life

ഇതിനിടക്ക് കുറ്റകൃത്യത്തിന് ഇര ആയവരുടെ ജീവിക്കാനുള്ള അവകാശത്തെയും അവരുടെ മനുഷ്യാവകാശത്തെക്കുറിച്ചും ആർക്കും ഒരു വേവലാതിയുമില്ല. ഇപ്പോൾ ഇവിടെ പറയുന്ന കേസുകളെല്ലാം വളരെ നാളത്തെ പിഴവുറ്റ തയ്യാറെടുപ്പോടെ ഒരു പാളിച്ചയുമില്ലാതെ വളരെ നിഷ്ഠൂരമായി നടപ്പിലാക്കിയ പദ്ധതികളാണ്. അവർ ചെയ്യുന്ന കുറ്റത്തിന്റെ തീവ്രതയെക്കുറിച്ചവർക്ക് നല്ല ബോദ്ധ്യവുമുണ്ടായിരുന്നു. അതു കൊണ്ടുതന്നെ ശിക്ഷ നടപ്പിലാക്കാൻ താമസിച്ചതു കൊണ്ട് വധ ശിക്ഷ ആജീവനാന്ത തടവാക്കി മാറ്റണമെന്ന് പറയുന്നതിന് ഒരു ന്യായീകരണവുമില്ല. കൂടാതെ ഈ കൊടും കുറ്റവാളികളെ ജയിലിൽ സുരക്ഷിതമായി പാർപ്പിക്കാനുള്ള ചിലവും വളരെ വലുതാണ്. ഇവരെ രക്ഷിക്കാൻ മറ്റൊരു ഭീകരാക്രമണം തന്നെ നടന്നേക്കാം, അല്ലെങ്കിൽ സാധാരണക്കാരനെ ബന്ധിയാക്കി വിലപേശും (കാണ്ഡഹാർ വിമാനറാഞ്ചൽ, അടുത്ത സമയത്ത് നടന്ന ഡൽഹി ഹൈക്കോടതി സ്പോടനം). മുംബെ ഭീകരാക്രമണത്തിലെ പ്രതിയെ ജയിലിൽ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ഏതാണ്ട് മൂന്നു കോടി രൂപയാണ് വാർഷിക ചിലവ്.

ശിക്ഷാ വിധികൾ ജാതിയും വംശവും, രാഷ്ട്രീയവും നോക്കിയല്ല നടപ്പിലാക്കേണ്ടത്. അതു പോലെ കഥയറിയാതെ ആട്ടം കാണുന്ന മനുഷ്യാവകാശ പ്രവർത്തകരുടെ ജല്പനങ്ങൾക്കും ഒരു വിലയും നല്കണ്ട. കുറ്റം ആരു ചെയ്താലും കുറ്റം തന്നെയാണ്; കാലം കഴിയുംതോറും കുറ്റ കൃത്യത്തിന്റെ തീവ്രത കുറയില്ല അതു കൊണ്ടുതന്നെ അതിനർഹമായ ശിക്ഷയും എത്രകാലം കഴിഞ്ഞാലും അനുഭവിക്കണം. എന്നാൽ മാത്രമെ രാജ്യസുരക്ഷയും പൊതുജനത്തിന്റെ ജീവനും സ്വത്തിനും സംരക്ഷണവും ഉറപ്പാക്കാൻ സാധിക്കുന്നു.

# Theme Write-up of 44th Engineers' Day September 15, 2011

## Theme : "Engineering Preparedness for Disaster Mitigation"

September 15 is celebrated every year in the country as "Engineers' Day" to commemorate the birthday of the legendary engineer Sir Mokshagundam Visvesvaraya. Sir Visvesvaraya, an eminent Indian engineer and statesman was born in a remote village of Karnataka, the State that is incidentally now the Hi-tech State of the country. Due to his outstanding contribution to the society, Government of India conferred "Bharat Ratna" on this legend in the year 1955. He was also called the precursor of economic planning in India. His learned discourse on economic planning in India, Planned Economy for India and Reconstructing India, was the first available document on the planning effort of the country and it is still held as the parent source matter for economic planners. A theme of national importance is chosen every year by the National Council of the Institution and deliberated at its various State/Local Centres to educate the engineering fraternity in general and the society in particular. This year the National Council of the Institution has selected the theme as "Engineering Preparedness for Disaster Mitigation". The world is facing an increasing frequency and intensity of natural disasters that has devastating impacts on the society. As per International Strategy for Disaster Reduction (ISDR), it has been observed that over 5 million people were killed or affected in the last 10 years and a huge amount of economic losses occurred due to the natural disaster. The recent incident in Japan showed a tremendous technological effect to the society. More than 25000 lives have been lost, infrastructure in the North East devastated apart from acute shortage of availability of food and water. The damage to nuclear power stations has severely affected the nearby populace and marine life. The power of this natural disaster shook the foundation of a nation like Japan, which is technologically quite advanced and developed. It is anybody's guess as to what would have happened if a natural calamity of such magnitude strikes our nation. It is therefore a call before the engineering fraternity to plan for engineering and technical solutions in case such an eventuality takes place.

During such serious disaster situations, the major challenges are the protection of human beings, animal's lives, properties and the vital life-supporting infrastructure necessary for disaster mitigation. It has now come to realization that taking care of the natural resources and managing them wisely not only assures the survival of future generations, but also reduces the risks that natural and man-made hazards pose to people living today. Advanced disaster management technology could provide a critical support system to disaster management authorities during the situation of disaster 2

related crises. Such technology also provides the important inputs for any disaster management plan of action in

recent times. In the pre-disaster evaluation, fixed satellite communication terminals would typically be installed by a qualified technical team in cases where the equipment may be required for longer than a week, for environmental monitoring, communications redundancy etc so that post-disaster recovery operations may be carried out properly. Post-disaster assessments have clearly illustrated that, along with disaster preparedness, proper management of the environmental features like air, land, water, forests, wastes and many more may be set up in reducing the risks and hazards. The term mitigation means taking actions to reduce the effects of a hazard before it occurs and it applies to a wide range of activities and protection measures that might be instigated in all aspects of disasters. Traditionally, disaster management makes use of indigenous and locally developed appropriate technologies to a greater extent. People in disaster-prone areas have developed, over generations the traditional technologies as efficient solutions to many of their disaster-related problems. However, many of these technologies and methodologies have only restricted applicability and possess limited potential to reduce the impact of disasters. Hence, the need arises for the application of modern technologies in disaster management, wherever and whenever possible. Many frontier areas of technologies such as space technology, modern information and communication systems, renewable energy, advanced medical diagnostics, remotely operated robotic systems for rescue and relief operations may be utilized. A number of advanced technologies and equipments have entered into the marketplace in recent years, which can provide the vital support to disaster management programmes. Early warning, information of temporary shelters, effects of incoming disaster, evacuation plans and implementation through the use of modern communication system and network coupled with the application of modern technologies in disaster preparedness, search & rescue of disaster survivors, energy & power supply, food supply, storage & safety, water supply, purification & treatment and many more, could act as important and timely disaster mitigation tools. To conquer the abnormal disaster based situation, a lot of awareness programme need to be organized nationwide so that the engineers can equip themselves with the knowledge and source of disaster mitigation techniques & tools and educate the common masses in the society about the same. This discussion attempts to enlighten the preparatory tasks of engineers on the area of disaster mitigation during the auspicious occasion of 44th Engineers' Day on 15 September, 2011.

## ATTENTION

Photographs of various functions from almost all units are being received, to upload in our website. The sizes of the photo files are very high and it is difficult to open and forward to relevant committee members. Please resize your photograph to 100/150kB before sending to HQ, using any photo resizing software. There are lots of free software available in the internet. Please take a Google search and install one of the free photo resizing software for the above purpose.

*Website Committee KSEBEA*

# Abandoning Hydel Projects will Hit Development : *- M.K. Raghavan, M.P.*

Kozhikode: The abandoning of hydel power projects by considering environmental impacts alone would adversely affect the development works of the state, M K Raghavan MP has said. He was inaugurating the 'Save Electricity, Save Environment and Management of Cost of Energy (2S2E-MCE) launched by the KSEB Engineers Association at the AWH Engineering College on the occasion of Engineers' day, here in the city on Thursday.

The association has also kicked off a state-wide competition for the engineering students to find innovative solutions for promoting energy conversation in industries and business houses.

"It is high time that the nation should switching to alternate energy sources and only by removing all the hindrances to such a change will help the development of the country," said MP M K Raghavan.

He also suggested that the people of Kerala do not understand that power for commerce and industries are quintessential for the development works of the state

"The next big crisis the state is going to face is electronic waste disposal. All these problems could be found a solution by the student community with the innovative ideas the students have,"added M.K.Raghavan.

The aim of the2S2E-MCE programme is to develop a cost effective solution for power management. A special Engineers Day talk was delivered by Assistant Collector T.V.Anupama IAS who herself is an engineering graduate. Addressing the students of the college she said that there was very limited research and development in the field of power generation in both private and public sector which has brought down the innovations in the field. This crisis can only be addressed through the budding engineers who have the means of doing so," said the assistant collector. She also added that universities had to be made labs where the students are given the freedom and time to develop ideas that can change the power crisis.

The winners of the competition will be given cash awards and citations by the association on Engineers Day of the year 2012. The last date for registration is October 15th 2011.

For details. Contact 9447636149

# മനഃശാസ്ത്രപരമായ അരക്ഷിതത്വം

ഡോ. സി. രാമചന്ദ്രൻ
മാനേജ്മെന്റ് കൺസൽട്ടന്റ്
(മുൻ.ഡെപ്യൂട്ടി ചീഫ് എൻജിനിയർ)

മനഃശാസ്ത്ര വിശകലനത്തിൽ ചർച്ച ചെയ്യപ്പെടുന്ന രണ്ട് ചെറിയ വാക്കുകൾ ഉണ്ട്. ഒന്ന് Pro active (അനുലോമമെന്ന് പറയാം) രണ്ട് Reactive (പ്രതിലോമമെന്ന് പറയാം).

വസ്തുതകളോട് വ്യക്തികളുടെ പ്രതികരണങ്ങൾ അടിസ്ഥാനപരമായി ഈ രണ്ട് രീതികളിൽ ഏതിനോടെങ്കിലും അടുത്തു നില്ക്കുന്നതായിരിക്കും.

ഒരു ചെറിയ ഉദാഹരണം കൊണ്ട് ഇത് വെളിവാകും.

ആഫീസിൽ ഏതെങ്കിലും ഒരു ജീവനക്കാരനോട് ആഫീസ് മേധാവി ചോദിച്ചു എന്നിരിക്കട്ടെ.-താങ്കൾ എന്താണ് ഇന്ന് ഇത്രയും താമസിച്ചു വന്നത്. അയാൾക്ക് ഇങ്ങനെ മറുപടി പറയാം-അല്പം താമസിച്ചു പോയി സർ, ബസ് ലെയിറ്റായിരുന്നു, അതിന് മുമ്പുള്ള ബസ്സ് മിസ് ചെയ്യുകയും ചെയ്തു.

മറ്റു ചിലരാണെങ്കിൽ ഇങ്ങനെയും പറയും- അരമണിക്കൂറല്ലേ ലേയിറ്റായുള്ളു സർ. ചില ആഫീസുകളിലെല്ലാം ഒന്ന് പോയി നോക്കണം. രണ്ടും മൂന്നും മണിക്കൂറാ താമസിച്ചു വരുന്നത്. ആരും ചോദിക്കാറു പോലുമില്ല.

ഈ രണ്ടു മറുപടികളും രണ്ടു പ്രത്യേക ആന്തരികമായ പെരുമാറ്റ രീതികളുടെ പ്രതിഫലനങ്ങളാണ്.

ഇതിൽ ആദ്യ മറുപടി, പ്രോ ആക്ററീവ്-അനുലോമ- സമീപനത്തിൽ നിന്ന് വരുന്നതാണ്. അതായത് ചർച്ച ചെയ്യപ്പെടുന്ന വസ്തുതകളെ തന്നെ മുൻനിർത്തിയുള്ള മറുപടിയാണ്. ചർച്ച അല്പം കൂടി മുന്നേറിയാൽ കാര്യക്ഷമതയുടെയും കൃത്യനിഷ്ഠയുടെയും ആവശ്യകത പോലും ക്രിയാത്മകമായി അംഗീകരിക്കപ്പെടും.

എന്നാൽ രണ്ടാമത്തെ മറുപടി നോക്കൂ. ഇവിടെ ആഫീസിലെ യഥാർത്ഥ വർക്കിംഗ് സമയമോ, താമസിച്ചു വന്നതിലുള്ള സങ്കോചമോ, ഒന്നും പ്രകടിപ്പിക്കപ്പെടുന്നില്ല. ചർച്ച അൽപം കൂടി മുന്നോട്ടു പോയാൽ യഥാർത്ഥ വസ്തുതയിൽ നിന്നും അകന്നകന്ന് പോകുന്ന അഭിപ്രായ പ്രകടനങ്ങൾ ഉണ്ടാകും. വ്യക്തിഗതമായ ചെളിയെറിയലിൽ അവസാനിയ്ക്കുകയും ചെയ്യും.

മനഃശാസ്ത്രത്തിലും പെരുമാററ ശാസ്ത്രത്തിലുമുള്ള ചില തിയറികൾ എന്താണെന്ന് ബോധ്യപ്പെടുത്താൻ മാത്രം കാണിയ്ക്കുന്ന ചില ഉദാഹരണങ്ങൾ എടുത്തു കാണിച്ച് വസ്തുതകൾ വിവരിയ്ക്കുന്നതിനെപ്പോലും പ്രതിലോമപരമെന്ന്ഘോഷിച്ചേക്കാമെന്നുള്ള ഭീതി കൊണ്ടു മാത്രമാണിത് നേരത്തെ തന്നെ സൂചിപ്പിച്ചത്.

മേൽ വിവരിച്ച പ്രവണതകൾ ഇന്ന് രാഷ്ട്രീയ- സാമൂഹ്യ രംഗത്ത് സർവ്വസാധാരണമായി കണ്ടു വരുന്നു. ആരോപണങ്ങളെ ആരോപണങ്ങൾ കൊണ്ടുതന്നെ നേരിടുക, ഒരു വിഭാഗത്തിൽപ്പെട്ട ആളുടെ അഴിമതി, മറ്റൊരു വിഭാഗത്തിൽപ്പെട്ട ആളിന്റെ അഴിമതിയുമായി താരതമ്യപ്പെടുത്തി ലഘൂകരിയ്ക്കാൻ ശ്രമിയ്ക്കുക തുടങ്ങിയവയ്ക്കെല്ലാം രാജ്യത്തിന്റെ ഭാവി നിർണ്ണയിയ്ക്കുന്നവരിൽപ്പോലും അംഗീകാരം ലഭിച്ചു കഴിഞ്ഞിരിയ്ക്കുന്നു. ഇത് പുതിയ തലമുറയിൽപ്പെട്ട യുവാക്കളിൽ സൃഷ്ഠിക്കുന്ന ദൂരവ്യാപകമായ മാനസിക ആഘാതവും അവരുടെ ശരി-തെറ്റ്,

⇨

ധർമ്മം-അധർമ്മം തുടങ്ങിയവയെക്കുറിച്ചുള്ള സങ്കൽപ്പങ്ങളിൽ വരുത്തുന്ന ജീർണ്ണതകളും സമൂഹത്തെ എത്തിയ്ക്കുന്നത് കാടത്തത്തിലേയ്ക്കു തയെല്ലേ? ഒരു ജനതയുടെയും രാജ്യത്തി ന്റെയും ഭാവി യഥാർത്ഥത്തിൽ നിർണ്ണയി ക്കുന്നത് അവിടിത്തെ യുവാക്കളുടെ ശരി- തെറ്റ്, ധർമ്മം-അധർമ്മം- എന്നിവയെക്കുറിച്ചുള്ള രൂഢമൂലമായ മാനസിക സങ്കൽപ്പങ്ങൾ തന്നെയാണ്.

യുവാക്കളുടെ പ്രശ്നങ്ങളുമായി കൂടുതൽ ഇടപെടാൻ ഉതകുന്ന ഒരു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളെന്നനിലയിൽ, മറ്റുള്ളവർക്ക് തികച്ചും അവിശ്വസനീയമായ അനുഭവങ്ങൾക്ക് സാക്ഷ്യം വഹിക്കാൻ കഴിയാറുണ്ട്.

ഒരു ദിവസം ഗ്രാഡ്വേഷന് അവസാന വർഷവും, രണ്ടാം വർഷവുമായി പഠിക്കുന്ന രാജുവും രമേശും എന്റെ മുന്നിൽ വന്നു, അവരുടെ സഹോദരിയെ സംബന്ധിക്കുന്ന ഒരു പ്രശ്നവുമായി. സരസമായ മുഖഭാവവും പെരുമാറ്റവും ഉള്ള അവരോട് ആർക്കും താല്പര്യം തോന്നും. സംഭാഷണമധ്യേ രാജു പറഞ്ഞു.

-സർ ഞാൻ വിദ്യാർത്ഥി യൂണിയന്റെ ഒരു സജീവ പ്രവർത്തകനാണ്.

അപ്പോൾ രമേശ് കൂട്ടിച്ചേർത്തു

--സർ ഞാൻവിദ്യാർത്ഥി ഫെഡറേഷനിലാ.

ഞാൻ രണ്ടു പേരുടെയും മുഖത്ത് മാറി മാറി നോക്കി. തികഞ്ഞ സ്വാഭാവികതയോടെ അവർ പറഞ്ഞു,

-സർ ഇന്ന് ഏതെങ്കിലും ഒരു പാർട്ടിയുടെ കൂടെയല്ലാത്തവർക്ക് രക്ഷയില്ല. ഏതു പാർട്ടി വന്നാലും പേടിയ്ക്കെണ്ടല്ലോ.

പുതിയ തലമുറ ഇത് ചെയ്യുന്നതിലല്ല ദുഃഖിയ്ക്കേണ്ടത്, ഇതാണ് ശരിയെന്ന അവരുടെ വിശ്വാസമാണ് ചിന്തിപ്പിക്കേണ്ടത്.

നമ്മുടെ വൈദ്യുതി ബോർഡിൽപ്പോലും ഒരു വലിയ അളവിൽ ഇത്തരം സംഭവങ്ങൾ ഒരു വ്യക്തിയിൽത്തന്നെ അരങ്ങേറാറുണ്ടല്ലോ. ഇതിന്റെ യഥാർത്ഥ കാരണം, മനഃശാസ്ത്ര പരമായ അരക്ഷിതാവസ്ഥ -Psychological Insecurity- എന്ന പേരിൽ അറിയപ്പെടുന്നു.

✵

മാതൃഭൂമി • 2011 സപ്തംബർ 16 • വെള്ളിയാഴ്ച

## ദുരന്തലഘൂകരണം വികസനത്തിന്റെ ഭാഗമാകണം -പി.എം.മോഹൻദാസ്

**കണ്ണൂർ:** ദുരന്തസാധ്യതാ ലഘൂകരണം സുസ്ഥിര വികസനത്തിന്റെ ഭാഗമാകണമെന്ന് വാട്ടർ അതോറിറ്റി മുൻ ടെക്നിക്കൽ അംഗം പി.എം.മോഹൻദാസ് പറഞ്ഞു. കെ.എസ്.ഇ.ബി. എൻജിനിയേഴ്സ് അസോസിയേഷനും സീനിയർ എൻജിനിയേഴ്സ് ഫോറവും ചേർന്ന് സംഘടിപ്പിച്ച എൻജിനിയറിങ് ദിനാഘോഷത്തിൽ എം.വിശ്വേശരയ്യ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ദുരന്തസാധ്യത മുൻകൂട്ടിക്കണ്ട് അത് ലഘൂകരിക്കാനുള്ള മാർഗങ്ങൾ സ്വീകരിച്ചാൽ നിരവധി ജീവനുകൾ രക്ഷിക്കാനും സാമ്പത്തികനഷ്ടം കുറയ്ക്കാനുമാവും. ദുരന്തം സംഭവിക്കുന്നതിന് കാത്തിരിക്കാതെ ലഘൂകരണ നടപടികൾ സ്വീകരിക്കണം.

എൻജിനിയർമാർ അടിയന്തരസാഹചര്യങ്ങൾ നേരിടാൻ ആസൂത്രണം നടത്തുകയും അതിനായി സാങ്കേതിക മാർഗങ്ങൾ മുൻകൂട്ടി കണ്ടെത്തുകയും വേണം. ദുരന്ത നിവാരണം ഹൈസ്കൂൾ ക്ലാസുകളിലും എൻജിനിയറിങ് കോഴ്സുകളിലും പാഠ്യപദ്ധതിയുടെ ഭാഗമാകണമെന്നും അദ്ദേഹം പറഞ്ഞു. പയ്യന്നൂർ എസ്.എൻ.ജി.എൻജിനിയറിങ് കോളേജ് പ്രിൻസിപ്പൽ ഡോ. എം.കെ.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. റിട്ട. ഡെപ്യൂട്ടി ചീഫ് എൻജിനിയർ ടി.വി.സുധാകരൻ രചിച്ച പുസ്തകങ്ങൾ അദ്ദേഹം പ്രകാശനം ചെയ്തു.

കെ.ഇ.ദാമോദരൻ നായനാർ, എ.വി.മോഹനൻ നമ്പ്യാർ എന്നിവർ എന്നിവർ ഏറ്റുവാങ്ങി. ജനറൽ സെക്രട്ടറി എൻ.ടി.ജോബ് അധ്യക്ഷത വഹിച്ചു. എം.അനിൽ നന്ദിപറഞ്ഞു. എൻജിനിയറിങ് ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ ക്വിസ് മത്സരത്തിൽ പയ്യന്നൂർ എസ്.എൻ.ജി.എൻജിനിയറിങ് കോളേജും കാസർകോട് എൽ.ബി.എസ്. എൻജിനിയറിങ് കോളേജും ചെമ്പേരി വിമൽജ്യോതി എൻജിനിയറിങ് കോളേജും യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

# The Trifle of a Double- Dribble

Dr.Thomaskutty Mathew.D.C.E (Rtd)

Excuse me, if your tongue is twisted a bit at the title. After all it may seem a trifle for you or anybody else and even to the referee, who whistled for "Double- Dribble", a foul, in the Basket ball Semifinal, between Trivandrum and Kottayam Zones of KSEB Sports and Games in 1979, at Kulamavu, Moolamattom. For me it was a Red letter day, however.

The venue at Kulamavu might have become all dilapidated / demolished or handed over to the Navodadaya School by now (over these 30 years.) At any rate the venue is not traceable in the status quo in 1979. But the participants in the tournament, especially the Engineers of KSEBEA may still have some memories in the hard disks of their Brainuter. Well that may justify the relevance of this piece of sharing.

To Dribble means moving forward with the ball by the touches of hand and bounce from the ground alternately (, the ball touching the hand and ground alternately.) Once the ball is held in hand after one stretch of dribbling, a second spell of dribbling, termed double-dribble is not allowed, and is a foul.

The Trivandrum Zone was the hot favourite, with star-studded players like, a previous university Captain, and a University Player ( Er.Cheriyan Ommen ), and two other KSEBEA members (Er.Vijayadharan & Er.Wilfred Bhasker) . Incidentally the only association for Engineers at that time was KSEBEA.

The Kottayam Zone, the underdogs, was not having any player of that calibre. Er.M.J.Andrews ( ex.Tech.Member ) and myself were the only engineers, who could not figure out even in the contemporary College Teams of the time.

The progress of the score was in exact correlation of this ratting. At half time Trivandrum were leading by more than ten points. Eventhough the lead narrowed down towards the second half, there was no sign of the Kottayam taking the upper hand. When the time left was five minutes, the lead was exactly that much. At 30 seconds to go, the lead was still of two points.

At this time, Team Trivandrum could have easily elapsed the balance time of 30 seconds, by simply dribbling and passing, still winning by a margin of 2 points. But they resorted to decent play. However a "Double- Dribble", made by them changed their fortune topsy-turvy. The tempo along with the ball was wrested by the Kottayam team, which lost no time to convert the initiative to a basket, making the score level at 72-72!. The thrilling play in the last seconds ended in a free throw chance for Kottaym.

⇨

# മിന്നാമിനുങ്ങിന്റെ നുറുങ്ങു വെട്ടം

അദ്ധ്വാനിച്ച് ജീവിക്കുന്നതിന്റെ സുഖം അനുഭവിച്ചറിഞ്ഞവരുടെ പിൻതല മുറക്കാരാണ് നാം. എന്തിനും അന്യരെ ആശ്രയിക്കുന്ന ശീലം അവർക്കുണ്ടായിരുന്നില്ല. ജീവിക്കാനായി അന്യന്റെ മുന്നിൽ കൈ നീട്ടേണ്ടി വരുന്നത് മരണ തുല്ല്യമെന്ന് കരുതിയിരുന്നു. ജീവിതകാലം മുഴുവൻ മുട്ടു മടക്കി അന്യന്റെ മുന്നിൽ നിൽക്കുന്നതിലും ഭേദം ഒരു ദിവസമെങ്കിൽ ഒരു ദിവസം സ്വന്തം കാലിൽ നിവർന്ന് നിൽക്കുന്നതാണ് നല്ലതെന്ന് അഭിമാനികൾ കരുതുന്നു.

എന്നാൽ നാം ഒരാത്മ പരിശോധനക്ക് തയ്യാറാകണം. അഭിമാനത്തിന് വില ഇടിഞ്ഞോ? അതൊ, അഭിമാനത്തിനും അപമാനത്തിനും ഒരക്ഷരതെററിന്റെ വ്യത്യാസമേയുള്ളു എന്ന് കരുതിയോ? ഇന്ന് എന്തിനും ഏതിനും മററുള്ളവരെ ആശ്രയിക്കുവരാണേറയും. ജീവിതത്തിൽ സ്വയം ഒരു തീരുമാനമെടുക്കാൻ ഇവർക്ക് സാധിക്കുന്നില്ല. പ്രശ്ന പരിഹാരത്തിനായി ബുദ്ധി വിലക്കെടുക്കുന്നു. ജീവിതകാലം മുഴുവൻ കുബുദ്ധികൾക്ക് വഴങ്ങി ജീവിക്കേണ്ടി വരുന്നു. തന്ത്രശാലികളായ കുബുദ്ധികൾ ഈ സാഹചര്യത്തെ പരമാവധി മുതലെടുത്ത് ഇവരെ ചുഷണത്തിന് വിധേയരാ ക്കുന്നു. ഇന്ന് സമൂഹത്തെ നിയന്ത്രിക്കുന്നത് ഇത്തരം കുബുദ്ധികളാണ്. ഏത് കാര്യത്തിനും അന്യരെ ആശ്രയിക്കാതെ സ്വന്തം ബുദ്ധി ഉണർന്ന് പ്രവർത്തിക്കുക. നിസ്സാര കാര്യത്തിന് പോലും പരാശ്രയം തേടുന്നശീലം സ്വന്തം ബുദ്ധിയുടെ പ്രവർത്തന ക്ഷമത നശിപ്പിക്കും. ഇതിനൊരു പരിഹാരം ആവശ്യമാണ്.

അടുത്ത തലമുറയുടെ കാര്യമാണ് ഏറെ ഖേദകരം. ഒരു കാര്യവും സ്വയം ചെയ്യുവാൻ സാധിക്കാതെ രക്ഷിതാക്കളെ ആശ്രയിക്കേണ്ടി വരുന്ന വിദ്യാർത്ഥി സമൂഹമാണ് നമുക്ക് ചുറ്റും. രക്ഷിതാക്കൾ മക്കളുടെ പഠനകാര്യത്തിൽ ഏതൊക്കെ രീതിയിൽ സഹായിക്കാമോ ആരീതിയിലെല്ലാം സഹായം ഉറപ്പു വരുത്തുന്നു. ഒരു ചെറു ആവശ്യത്തിന് പോലും രക്ഷിതാക്കൾ കൂടെയുണ്ടാകേണ്ടി വരുന്നു. ഇന്റർവ്യു നടക്കുന്നിടത്തും കലോത്സവ പന്തലിലും വിദ്യാർത്ഥികളുടെ എണ്ണത്തെക്കാൾ രക്ഷിതാക്കളുടെ എണ്ണമാണിന്ന് കൂടുതൽ. കുട്ടികൾക്ക് സ്വന്തമായി ഒരു പ്രശനം നേരിടാനോ പോം വഴി കണ്ടെത്താനോ

---

Tension mounted like anything in me for making the last two free throws. Our coach, whispered in my ears that if at least one of the two free throws could be basketed , we will win by a margin of one point, as there is no more time left.

This information further aggravated the issue making the first free throw, go out, hitting nowhere in the ring. The pin drop silence of the packed crowd, developed itself to heaving sighs. When at last I could control all my shivering for the second throw, the ball went in after making all possible unwanted hit and bounce on the ring, snatching the most thrilling win for the underdogs, Kottayam, in a Final before the Final. For me it was a Red letter day, mainly because the last three points were my contribution.

✵

അവസരം നൽകുന്നില്ല. ഇങ്ങിനെ വളർന്ന വരാണ് ഭാവിയിൽ ബുദ്ധി വിലക്കെടുക്കുന്നവർ. ഇവർക്ക് ചെറു പരാജയം പോലും താങ്ങാനാവില്ല. കൗമാരക്കാരുടെ ആത്മഹത്യ വാർത്തകളുടെ വർദ്ധിച്ച എണ്ണം ഈ വസ്തുതയെ ബലപ്പെടുത്തുന്നു. കുട്ടികളിൽ സ്വാശ്രയ ശീലം വളർത്തുകയാണ് ഇതിനുള്ള
പരിഹാരം.

**ഇല്ലായ്മയിൽ ജനിച്ച് വളർന്ന് മാതൃകാ പുരുഷനായി ജീവിച്ച ഒരാളുടെ അനുഭവ കഥ കേൾക്കൂ.**

ഒരു കുഗ്രാമത്തിൽ ദരിദ്ര കുടുംബത്തി ലായിരുന്നു അയാളുടെ ജനനം. വിശപ്പട ക്കാനാവശ്യമായ ആഹാരത്തിന് പോലും വഴി കണ്ടെത്താൻ സാധിക്കാത്ത രക്ഷിതാക്കാൾക്ക് മകന്റെ പഠനം ഒരു വിഷയമായിരുന്നില്ല. എന്നാൽ കുഞ്ഞായിരി ക്കുമ്പോൾ നടന്ന ഒരു സംഭവം അദ്ദേഹത്തിന്റെ ജീവിതം ആകെ മാററി മറിച്ചു.

സമയം സന്ധ്യ. കുടിലിന്റെ ഉമ്മറത്ത് അമ്മയുടെ മടിയിലിരുന്ന് കിന്നാരം പറയുകയായിരുന്നു.ആകാശത്ത് മിന്നാമിനു ങ്ങുകൾ പാറിക്കളിക്കുന്നുണ്ടായിരുന്നു. ഈ കാഴ്ച കണ്ട കുഞ്ഞിനൊരു സംശയം. എന്തിനാണമ്മേ എല്ലാ മിന്നാമിനുങ്ങും മിന്നുന്നത്. ഒന്ന് മിന്നിയാൽ അതിന്റെ വെളിച്ചത്തിൽ മററുള്ളവക്ക് പറന്നൂടെ. കുഞ്ഞിന്റെ സംശയം ന്യായമായിരുന്നു. രാത്രി യാത്രയിൽ ടോർച്ച് കയ്യിലുണ്ടെങ്കിലും കൂടെയുള്ള എല്ലാവരും കത്തിക്കേണ്ട ആവശ്യമില്ല. മുന്നിലെ വെളിച്ചത്തിൽ പോകാവുന്നതേയുള്ളു. മകന്റെ കവിളിൽ സ്നേഹ ചുംബനം നൽകി ആ അമ്മ അവന്റെ കണ്ണിൽ നോക്കി പറഞ്ഞു. എന്റെ പൊന്നു മകനെ, അന്യന്റെ വെളിച്ചത്തിൽ പോയാൽ നിനക്ക് സംതൃപ്തിയുണ്ടാകില്ല. സന്തോഷ മുണ്ടാകില്ല. സ്വന്തം കൈ കൊണ്ട് നട്ട് നനച്ച് ഉണ്ടാക്കിയ ഭക്ഷണം കഴിക്കാൻ ഭാഗ്യം വേണം. അന്യരെ ആശ്രയിച്ച് ആഹാരം കഴിക്കേണ്ടി വരുന്നത് നിർഭാഗ്യമാണ്. അതുപോലെ സ്വയം വഴികണ്ടെത്തി ജീവി ക്കാൻ ധൈര്യം വേണം. ജീവിക്കാനായി ആരേയെങ്കിലും ആശ്രയിക്കുന്നത് ഭീരുത്വ മാണ് മകനെ. ലോകം മുഴുവൻ തന്റെ കാൽ കീഴിലെന്ന് അഹങ്കരിക്കുന്ന മനുഷ്യന് മിന്നാമിനുങ്ങ് പഠിപ്പിക്കുന്ന പാഠം ഇതാണ് കുഞ്ഞെ. സ്വന്തം വെളിച്ചത്തിൽ നീങ്ങണം. അമ്മ അന്ന് തെളിയിച്ച മിന്നാമിനുങ്ങിന്റെ നുറുങ്ങ് വെട്ടമാണ് അയാളെ മാതൃകാ പുരുഷനാക്കിയത്.

ബുദ്ധി വിലക്കെടുക്കേണ്ടി വരുന്ന അവസരങ്ങൾ ഒഴിവാക്കാൻ പരിശീലിക്കുക. പരിശീലിപ്പിക്കുക. ഈ കുഞ്ഞു വെട്ടം നമ്മുടെ ഓരോ ആളുടെ ജീവതത്തിലും പ്രകാശം ചൊരിയുമാറാകട്ടെ.

Br. കെ. ശശിധരൻ, കണ്ണൂർ (9447236631)

✵

## തിരുത്ത്

Hydel Bullet - August 2011 ലക്കത്തിൽ Br. K. Sasi, Kannur ന്റെ **'സമ്പന്നതയുടെ എളിമ'** എന്ന ലേഖനത്തിൽ രണ്ടാമത്തെ ഖണ്ഡികയിൽ ഒന്നര ലക്ഷം രൂപ കാരുണ്യപ്രവർത്തനങ്ങൾക്കായി നൽകിയ........ " എന്നത് ഒന്നര കോടി രൂപ... എന്ന് തിരുത്തി വായിക്കാൻ താല്പര്യപ്പെടുന്നു. തെറ്റുവന്നതിൽ ഖേദിക്കുന്നു.

ചീഫ് എഡിറ്റർ

മാതൃഭൂമി
2011 • സപ്തംബർ 22 • വ്യാഴാഴ്ച

# സ്നേഹസാന്ത്വനമേകാൻ എൻജിനീയർമാരുടെ കൂട്ട




എൻജിനീയേഴ്സ് ദിനാചരണത്തോടനുബന്ധിച്ച് കെ.എസ്.ഇ.ബി. എൻജിനീയേഴ്സ് അസോസിയേഷൻ തൃശ്ശൂർ യൂണിറ്റ് സമാഹരിച്ച ഒരു ലക്ഷം രൂപ സാന്ത്വനം ചെയർമാൻ മോൺ. ഫ്രാൻസിസ് ആലപ്പാട്ടിന് മന്ത്രി സി.എൻ. ബാലകൃഷ്ണൻ കൈമാറുന്നു

എൻജിനിയേഴ്സ് ദിനാചരണത്തിൽ ആഘോഷപരിപാടികരം മാറ്റിവെച്ച് തുടർച്ചയായി 4-ാം തവണയാണ് കെ.എസ്.ഇ.ബി. എൻജിനീയേഴ്സ് അസോസിയേഷൻ തൃശ്ശൂർ ജില്ലാ യൂണിറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നത്. അംഗങ്ങരം ചേർന്ന് സ ഹരിച്ച ഒരു ലക്ഷം രൂപ 'സാന്ത്വനം' സംഘടനയ്ക്ക് ... മാറി.

ചെയർമാൻ മോൺ. ഫ്രാൻസിസ് ആലപ്പാട്ട്, മന്ത്രി ... എൻ. ബാലകൃഷ്ണനിൽ നിന്നാണ് തുക ഏറ്റുവാങ്ങ ... സർവീസ് സംഘടനകരം ഇത്തരം ജീവകാരുണ്യ ... ത്തനങ്ങരംക്ക് മുന്നിട്ടിറങ്ങുന്നത് മാതൃകാപരമാ ... മന്ത്രി പറഞ്ഞു.

വൈദ്യുതി ബോർഡ് മെമ്പർ മുഹമ്മദ് റാവുത്ത ലി മുഖ്യാതിഥിയായിരുന്നു. അസോസിയേഷൻ ... സ്ഥാന പ്രസിഡൻറ് മുഹമ്മദ് ഷെരീഫ് അധ്യക്ഷത ... ച്ചു. ജനറൽ സെക്രട്ടറി എൻ.ടി. ജോസ്, ജില്ലാ ... യർമാൻ സി.ആർ. തോമസ്, ജോർജ് വി. ജെയിം ... നാഗരാജ ഭട്ട്, ടി.സി. ജഗതി, അബ്ദുംനാസർ, ... പ്യൂട്ടി ചീഫ് എൻജിനീയർമാരായ ആർ. ഗായത്രി നായർ, വേണുഗോപാലൻ കെ., റിട്ട. ചീഫ് എൻജിനീയർ ഡി.എസ്.ഗിരിജാദേവി, പി. സി. ജോൺ, ജില്ലാ സെക്രട്ടറി പി.സി. സ ലിൽ എന്നിവർ പ്രസംഗിച്ചു.

മലയാള മനോരമ
2011 സെപ്റ്റംബർ 21 ബുധൻ

## സാന്ത്വന സഹായവുമായി എൻജിനീയേഴ്സ് ദിനാഘോഷം

തൃശൂർ: കെഎസ്ഇബി എൻജിനീയേഴ്സ് അസോസിയേഷൻ എൻജിനീയേഴ്സ് ദിനത്തോടനുബന്ധിച്ച് അംഗങ്ങളിൽനിന്നു സ്വരൂപിച്ച ലക്ഷം രൂപ കൊച്ചുകുട്ടികളുടെ ഹൃദയ ശസ്ത്രക്രിയയ്ക്കായി സാന്ത്വനം സംഘടനയ്ക്കു നൽകി.

മന്ത്രി സി.എൻ. ബാലകൃഷ്ണൻ ചെയർമാൻ മോൺ. ഡോ. ഫ്രാൻസിസ് ആലപ്പാട്ടിനു തുക കൈമാറി.

അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് മുഹമ്മദ് ഷരീഫ് അധ്യക്ഷത വഹിച്ചു. എൻ.ടി. ജോബ്, സി.ആർ. തോമസ്, ജോർജ് വി. ജയിംസ് എന്നിവർ പ്രസംഗിച്ചു.

ദീപിക
2011 സെപ്റ്റംബർ 21 ബുധൻ

## ഉണ്ണിഹൃദയങ്ങൾക്കു കൈത്താങ്ങ് എൻജിനീയർമാർ ഒരുലക്ഷം നല്കി

തൃശൂർ: എൻജിനീയേഴ്സ് ദിനാചരണത്തിന്റെ ഭാഗമായി എൻജിനീയേഴ്സ് അസോസിയേഷൻ അംഗങ്ങളിൽ നിന്നും സ്വരൂപിച്ച ഒരുലക്ഷം രൂപ, സാന്ത്വനത്തിന്റെ നേതൃത്വത്തിൽ കൊച്ചുകുട്ടികളുടെ ഹൃദയശസ്ത്രക്രിയയ്ക്ക് സഹായം നല്കുന്ന പദ്ധതിയായ ഉണ്ണിഹൃദയങ്ങൾക്ക് ഒരു കൈത്താങ്ങിലേക്ക് നല്കി. സഹകരണമന്ത്രി സി.എൻ. ബാലകൃഷ്ണൻ അതിരൂപത വികാരി ജനറാൾ മോൺ. ഫ്രാൻസീസ് ആലപ്പാട്ടിനു കൈ മാറി.

വൈദ്യുതി ബോർഡ് അംഗം മുഹമ്മദാലി റാവുത്തർ മുഖ്യാതിഥിയായിരുന്നു. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് മുഹമ്മദ് ഷെരീഫ് അധ്യക്ഷനായി.




ഉണ്ണിഹൃദയങ്ങൾക്ക് ഒരു കൈത്താങ്ങ് എന്ന പദ്ധതിയിലേ ... ജിനീയേഴ്സ് അസോസിയേഷൻ അംഗങ്ങളിൽനിന്നും സ്വ ... രുലക്ഷം രൂപ സഹകരണമന്ത്രി സി.എൻ. ബാലകൃഷ്ണൻ ... നം ചെയർമാൻ മോൺ. ഫ്രാൻസീസ് ആലപ്പാട്ടിനു കൈ ...

ഫണ്ട് ചെയർമാൻ ജോർജ് വി. ജെയിംസ്, വൈസ്പ്രസിഡന്റ് നാഗരാജ് ഭട്ട്, ജിജി ഫ്രാൻസീസ്, ... നായർ, കെ. വേണുഗോ ... ട്ടയേർഡ് ചീഫ് എൻ ... ഗിരിജാദേവി, മുൻപ്ര ... പി.സി. ജോൺ, ജില്ലാ ...



Dr.M.K.Radhakrishnan, Principal, Sree Narayan Guru College of Engineering, Payyanur lighting the traditional lamp to begin the Engineers Day Celebration of Kannur Unit. From left Er.C.Blakrishnan Former Chairman of KSERC, Er.A,.V.Mohanan nambiar, Er.N.T.Job, Er.P.M.Mohana das and Er.M.Anil are also seen.



Er.G.Sudha Devi Chief Engineer (Retd) addressing the audience in the Engineers Day Celebration conducted by Ernakulam Unit at Engineers House, Ernakulam on 15-9-2011




Dr. Joseph Kutty, Principal, Pulinkunnu Engg. College inaugurating the Engineers day celebration cobnducted by Alappuzha Unit.




Dr.Jacob Thomas, Principal, College of Engineering, Kalloopara inaugurating the engineers Day Celebration Conducted by Pathanamthitta Unit at Kallooppara Engineering College on 15-9-2011.Er.George Mathew, Vice-President (S) of the association delivered a talk on the theme of 44th Engineers' day.




Sri.C.N.Balakrsihnan, Hon'ble Minister for Co-Operatives of Kerala, inaugurating the State level Engineers' day Celebration at Thrissur on 18-9-2011 by lighting the traditional lamp.




Er.P.S.Chandra Mohan, Former Principal, Govt. Engineering College, Burton hill, Thiruvananthapuram delivering a speech on the subject "Sustainable Energy Scenario for Kerala' on Engineers' Day Celebration 2011 conducted by Trivandrum Unit at Engineers House, Trivandrum.

**September 2011** Reg.No. KL/TV(N)/229/2009-11 **Price ₹ 5**

Licensed to Post without prepayment - No.KL/TV(N)WPP/65/ 2009 -11

**KERALA STATE ELECTRICITY BOARD ENGINEERS ASSOCIATION**

**ENGINEERS HOUSE, T.C 26/1300, PANAVILA, TRIVANDRUM - 695 001**

**PHONE. 0471-2330696, FAX : 0471-2330853**




State Level inauguration of 2S2E-MCE-Projects-2011 by Sri.M.K.Raghavan, Hon'ble Member of Parliament and Engineers day Talk by Ms.T.V.Anupama, Asst. Collector Kozhikode on 15th September 2011 at AWH Engineering College, Kozhikode




Edited, Printed & Published by Er. P. Murali, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01 Ph: 2330696, web: ksebea.in
at Bhagath, Pattom, Trivandrum - 4 Ph: 0471- 4017097,bhagathpattom@yahoo.com

For private circulation only